# കമ്മ്യൂണിറ്റി സൂപ്പർവിഷൻ നിബന്ധനകൾക്കുള്ള പ്രത്യേക അനുബന്ധം
# SPECIAL ADDENDUM TO TERMS OF COMMUNITY SUPERVISION

__________ കണ്ടീഷൻ എ. ലഹരിയിലായിരിക്കുമ്പോഴോ കൂടാതെ/അല്ലെങ്കിൽ നിയമവിരുദ്ധമായ പദാർത്ഥങ്ങളുടെ ഉപയോഗത്തിൽ ഏർപ്പെടുമ്പോഴോ വാഹനം ഡ്രൈവ് ചെയ്തവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി പൊതുസുരക്ഷാ വകുപ്പിന്റെ ടെക്സസ് കമ്മീഷൻ ഓഫ് ആൽക്കഹോൾ ആൻഡ് ഡ്രഗ് അബ്യൂസും നിങ്ങളുടെ കമ്മ്യൂണിറ്റി സൂപ്പർവിഷൻ ഓഫീസറും സംയുക്തമായി അംഗീകരിച്ച ചുവടെ ചേർത്തിരിക്കുന്ന വിദ്യാഭ്യാസ പദ്ധതികളായ () **ടെക്സസ് ഡി.ഡബ്ലിയു.ഐ വിദ്യാഭ്യാസ പരിപാടി; ടെക്സസ് ഡി.ഡബ്ലിയു.ഐ ഇൻറർവെൻഷൻ റിപ്പീറ്റ് ഒഫൻഡർ പരിപാടി**; () **ടെക്സസ് ഡി.ഡബ്ലിയു.ഐ ഡ്രഗ് ഒഫൻഡർ വിദ്യാഭ്യാസ പരിപാടി** എന്നിവയിൽ ഒന്നിൽ ഈ ഉത്തരവിന്റെ തീയതി മുതൽ 180 ദിവസങ്ങൾക്കുള്ളിൽ പ്രതി പങ്കെടുക്കുകയും അത് വിജയകരമായി പൂർത്തിയാക്കുകയും പരിപാടിയുടെ ചിലവുകൾക്ക് ഉത്തരവാദിയായിരിക്കുകയും ചെയ്യുക, ഒപ്പം ഹാജരായതിന് തൃപ്തികരമായ രേഖാമൂലമുള്ള തെളിവ് നിങ്ങളുടെ ഓഫീസർക്ക് നൽകുക;

________ കണ്ടീഷൻ ബി. ഉപയോഗിക്കുന്നതിനായി പൊതു സുരക്ഷാ വകുപ്പ് അംഗീകരിച്ച ഒരു കമ്പനിയിൽ നിന്ന് ക്യാമറയോടുകൂടി സജ്ജീകരിച്ചിരിക്കുന്ന ഒരു ഇഗ്നിഷൻ ഇന്റർലോക്ക് ഉപകരണം പ്രതി സ്വന്തമാക്കുകയും സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യണം. കോഡ് ഓഫ് ക്രിമിനൽ പ്രൊസീജിയർ ആർട്ടിക്കിൾ 42.12 സെക്ഷൻ 13 (i) പ്രകാരം നൽകപ്പെട്ടിട്ടുള്ളതൊഴികെ, ഈ ഉത്തരവ് പുറപ്പെടുവിച്ച് 30 ദിവസങ്ങൾക്കുള്ളിൽ പ്രതി പ്രവർത്തിപ്പിക്കുന്ന ഓരോ വാഹനത്തിലും ഇന്റർലോക്ക് ഉപകരണം സ്ഥാപിച്ചിരിക്കണം, കൂടാതെ ആൽക്കഹോൾ ഇന്റർലോക്ക് ഉപകരണത്തിന്റെ എല്ലാ ഫീസും ചെലവുകളും ____________ മാസ കാലയളവിൽ നൽകിയിരിക്കണം. മാത്രമല്ല, മേപ്പടി ആൽക്കഹോൾ ഇന്റർലോക്ക് ഉപകരണത്തിന്റെ ലഭ്യത, സ്ഥാപിക്കൽ, പരിപാലനം, ഉപയോഗം എന്നിവയെ സംബന്ധിച്ചിടത്തോളം പ്രതി എല്ലാ നിയമങ്ങളും ചട്ടങ്ങളും പാലിക്കണം. കമ്മ്യൂണിറ്റി മേൽനോട്ട വകുപ്പിന് അവർ ആവശ്യപ്പെടുന്ന മുറയ്ക്ക് ഇന്റർലോക്ക് ഉപകരണം പ്രദർശിപ്പിക്കാമെന്നും പ്രതി സമ്മതിക്കുന്നു;

- പ്രതിക്ക് സാധുവായ ഒരു ഡ്രൈവിംഗ് ലൈസൻസോ അല്ലെങ്കിൽ പ്രവർത്തനക്ഷമമായ ഒരു മോട്ടോർ വാഹനമോ ഇല്ല എങ്കിൽ കണ്ടീഷൻ എച്ച്-ൽ പറയുന്ന കാര്യങ്ങൾ ആവശ്യമാണ്, കൂടാതെ കണ്ടീഷൻ ബി-യുടെ അതേ കാലയളവിൽ ആയത് നടപ്പിലാക്കപ്പെടുകയും ചെയ്യും.

_________കണ്ടീഷൻ സി. ഈ ഉത്തരവിന്റെ തീയതി മുതൽ 60 ദിവസങ്ങൾക്കുള്ളിൽ, ടെക്സസ് ഡിപ്പാർട്ട്മെന്റ് ഓഫ് പബ്ലിക് സേഫ്റ്റിയിൽ നിന്നും ഡീപ്പ്-ലംഗ് ബ്രീത്ത് അനാലിസിസ് മെക്കാനിസം സജ്ജീകരിച്ച മോട്ടോർ വാഹനം ഓടിക്കാൻ അനുവദിക്കുന്ന **നിയന്ത്രിത ഡ്രൈവിംഗ് ലൈസൻസ്** നേടിയതിന്റെ തെളിവ് നൽകണം, പറഞ്ഞ തീയതി പ്രകാരം പ്രതിക്ക് അത് സമർപ്പിക്കാൻ കഴിയുന്നില്ലെങ്കിൽ, തന്റെ നിലവിലെ ഡ്രൈവിംഗ് ലൈസൻസ് നിയുക്ത കമ്മ്യൂണിറ്റി സൂപ്പർവിഷൻ ഓഫീസർക്ക് ഉടൻ തന്നെ പ്രതി സമർപ്പിക്കണം, കൂടാതെ നിയന്ത്രിത ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുന്നതുവരെ ഡ്രൈവിംഗ് നടത്താനുള്ള അവകാശങ്ങൾ സസ്പെൻഡ് ചെയ്യും;

_______ കണ്ടീഷൻ ഡി. ഫോർട്ട് ബെൻഡ് കൗണ്ടി കമ്മ്യൂണിറ്റി സൂപ്പർവിഷൻ ആൻഡ് കറക്ഷൻസ് ഡിപ്പാർട്ട്മെന്റിന്റെ നിർദ്ദേശപ്രകാരം പ്രതി ആഴ്ചയിലൊരിക്കൽ ________ മാസത്തേക്ക് **ആൽക്കഹോളിക്സ് അനോണിമസ്/എൻഎ/സിഎ** യോഗങ്ങളിൽ പങ്കെടുക്കുകയും ഓരോ ഓഫീസ് സന്ദർശനത്തിലും സൂപ്പർവൈസിംഗ് ഓഫീസർക്ക് അതിൽ പങ്കെടുത്തതിന്റെ തെളിവ് നൽകുകയും ചെയ്യും;

________ കണ്ടീഷൻ ഇ. ഈ ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ 180 ദിവസങ്ങൾക്കുള്ളിൽ ഫോർട്ട് ബെൻഡ് കമ്മ്യൂണിറ്റി കറക്ഷൻസ് ഓഫീസർ അംഗീകരിച്ച ഒരു ഏജൻസി നടത്തുന്ന "**വിക്റ്റിം ഇംപാക്റ്റ് പാനൽ**" പരിപാടിയിൽ പ്രതി പങ്കെടുത്ത് അത് പൂർത്തിയാക്കുകയും ആവശ്യമായ ഫീസ് അടയ്ക്കുകയും

ചെയ്യും;

_________ കണ്ടീഷൻ എഫ്. ഈ ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ 90 ദിവസങ്ങൾക്കുള്ളിൽ ഫോർട്ട് ബെൻഡ് കമ്മ്യൂണിറ്റി കറക്ഷൻസ് ഡിപ്പാർട്ട്മെന്റ് മുഖേന **"പ്രിസൺ ഡെറ്ററൻസ് വിദ്യാഭ്യാസ പരിപാടിയിൽ"** പ്രതി ഹാജരാകുകയും പങ്കെടുക്കുകയും വിജയകരമായി അത് പൂർത്തിയാക്കുകയും വേണം.

_________ കണ്ടീഷൻ ജി. ഈ ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ 60 ദിവസങ്ങൾക്കുള്ളിൽ ഫോർട്ട് ബെൻഡ് കൗണ്ടി കമ്മ്യൂണിറ്റി സൂപ്പർവിഷൻ ആൻഡ് കറക്ഷൻസ് ഡിപ്പാർട്ട്മെന്റിന്റെ നിർദ്ദേശപ്രകാരം പ്രതി ഇനിപ്പറയുന്ന പ്രോഗ്രാമി (മുകൾ)- ൽ ഹാജരാകുകയും പങ്കെടുക്കുകയും വിജയകരമായി പൂർത്തിയാക്കുകയും സഹായ പരിപാടി ആരംഭിക്കുകയും ചെയ്യും;

- ☐ **ഡൊമെസ്റ്റിക് വയലൻസ്** ____________________ ദിവസങ്ങൾക്കുള്ളിൽ പ്രോഗ്രാം പൂർത്തിയാക്കുക
- ☐ **ആംഗർ വയലൻസ്** ____________________ ദിവസങ്ങൾക്കുള്ളിൽ പ്രോഗ്രാം പൂർത്തിയാക്കുക
- ☐ **ആന്റി തെഫ്റ്റ്** ____________________ ദിവസങ്ങൾക്കുള്ളിൽ പ്രോഗ്രാം പൂർത്തിയാക്കുക

_________ കണ്ടീഷൻ എച്ച്. ഈ ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ 30 ദിവസങ്ങൾക്കുള്ളിൽ ഫോർട്ട് ബെൻഡ് കമ്മ്യൂണിറ്റി കറക്ഷൻസ് ഓഫീസർ അംഗീകരിച്ച കമ്പനിയിൽ നിന്ന് ഒരു **ഇൻ-ഹോം ഇന്റർലോക്ക് ഉപകരണം** ____________________ ദിവസം തൊട്ട് ________________, 20_____ ദിവസം വരെ പ്രതി തന്റെ വീട്ടിൽ സ്ഥാപിക്കുകയും അതിന്റെ ചിലവ് പ്രതി വഹിക്കുകയും ചെയ്യും. പ്രസ്തുത പ്രോഗ്രാമിന്റെ എല്ലാ നിയമങ്ങളും ചട്ടങ്ങളും പ്രതി പാലിക്കേണ്ടതാണ്;

_________ കണ്ടീഷൻ ഐ. ഫോർട്ട് ബെൻഡ് കൗണ്ടി കമ്മ്യൂണിറ്റി സൂപ്പർവിഷൻ ആൻഡ് കറക്ഷൻസ് ഡിപ്പാർട്ട്മെന്റിന്റെ മേൽനോട്ടത്തിൽ _________, 20__________ മുതൽ _____________ ദിവസം വരെ ഇനിപ്പറയുന്ന ____________________________________________________________ വിലാസത്തിൽ **ഇലക്ട്രോണിക് സാറ്റലൈറ്റ് നിരീക്ഷണത്തിൻ** കീഴിൽ പ്രതി വീട്ടുതടങ്കലിൽ തുടരും:, കൂടാതെ ഇനിപ്പറയുന്ന സാഹചര്യങ്ങളിൽ ഒഴികെ എല്ലാ സമയത്തും അവിടെത്തന്നെ തുടരുകയും ചെയ്യും: അതായത് (1) തൊഴിൽ കൂടാതെ അല്ലെങ്കിൽ കൗൺസിലിംഗ് എന്നിവയ്ക്കായി കമ്മ്യൂണിറ്റി കറക്ഷൻസ് ഓഫീസറുടെ അനുമതി തേടുന്നതിന്, അല്ലെങ്കിൽ (2) നിശ്ചയിച്ച പ്രകാരം കമ്മ്യൂണിറ്റി കറക്ഷൻസ് ഓഫീസർക്ക് റിപ്പോർട്ട് ചെയ്യുന്നതിന്; ഇതിലേക്ക് ആവശ്യമായ എല്ലാ ചെലവുകളും നിക്ഷേപങ്ങളും പ്രതി ഈ വകുപ്പിന് നൽകണം;

_________ കണ്ടീഷൻ ജെ. ജോലി ചെയ്യുമ്പോഴും നിങ്ങളുടെ കമ്മ്യൂണിറ്റി കറക്ഷൻസ് ഓഫീസർക്ക് മുൻകൂട്ടി തെളിവ് നൽകുമ്പോഴും ഒഴികെ രാവിലെ __________ മണി തൊട്ട് വൈകിട്ട് _______, 20_____ വരെ പ്രതി **ഹോം കർഫ്യൂ** അനുസരിച്ചിരിക്കണം.

സ്പെഷ്യൽ അഡൻഡം ഓഫ് കണ്ടീഷൻസ് ഓഫ് പ്രൊബേഷന്റെ ഒരു പകർപ്പ് എനിക്ക് ലഭിച്ചുവെന്ന് പ്രതിയായ ഞാൻ സമ്മതിക്കുന്നു, എന്റെ അഭിഭാഷകൻ ഈ വ്യവസ്ഥകൾ വിശദീകരിച്ചതനുസരിച്ച് ഞാൻ പ്രൊബേഷന്റെ വ്യവസ്ഥകൾ മനസ്സിലാക്കുന്നു.

ഇത് ഇന്നേ ദിവസം ______________________, 20 __________ തീയതി വച്ച് ഒപ്പിട്ടു

_____________________________________________

പ്രതിയുടെ ഒപ്പ് തീയതി

പ്രതിഭാഗം അഭിഭാഷകൻ തീയതി

പ്രിസൈഡിംഗ് ജഡ്ജി തീയതി